**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1438** **14-03-2022 - ൽ മറുപടിയ്ക്ക്**

**പുറമ്പോക്ക് ഭൂമിയിലെ സ്ഥിര താമസക്കാർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ ചൂണ്ടൽ വില്ലേജിലെ 413/1, 410/4 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട പുറമ്പോക്ക് ഭൂമിയിലെ സ്ഥിര താമസക്കാർ അവരുടെ കൈവശഭൂമിയ്ക്ക് പട്ടയം കിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ചൂണ്ടൽ വില്ലേജ് റീസർവ്വെ നമ്പർ 410/4 , 413/1 എന്നിവയിൽപ്പെട്ട പുറമ്പോക്ക് ഭൂമികളിൽ താമസിച്ചു വരുന്ന 5 കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചു നൽകുന്ന നടപടികളുടെ ഭാഗമായി ടി ഭൂമി പഞ്ചായത്ത് വകുപ്പിൽ നിന്നും ഡീവെസ്റ്റ് ചെയ്ത് ലഭിയ്ക്കുന്നതിന് കുന്നംകുളം തഹസിൽദാർ ചൂണ്ടൽ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുള്ളതാണ്. തുടർന്ന് കുന്നംകുളം തഹസിൽദാർ, ചൂണ്ടൽ പഞ്ചായത്ത് സെക്രട്ടറി, താലൂക്ക് സർവ്വെയർ , ചൂണ്ടൽ വില്ലേജ് ഓഫീസർ എന്നിവർ ചേർന്ന് 10.11.2021 ന് സംയുക്തപരിശോധന നടത്തിയിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് പട്ടയം നൽകാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ചൂണ്ടൽ വില്ലേജ് റീസർവ്വെ 410/4 ബി.ടി.ആർ പ്രകാരം കുളം പുറമ്പോക്കിൽ 4 കുടുംബങ്ങളും 413/1 വഴി പുറമ്പോക്കിൽ ഒരു കുടുംബവും 50 വർഷത്തോളമായി വീട് വെച്ച് താമസിച്ചു വരുന്നതും, കൈവശഭൂമി പതിവിന് അനുയോജ്യമായതും അപേക്ഷകർ പട്ടയം ലഭിയ്ക്കുന്നതിന് അർഹരുമാണ്. പഞ്ചായത്ത് വകുപ്പിൽ നിന്നും പ്രസ്തുത ഭൂമി ഡീവെസ്റ്റ് ചെയ്ത് ലഭിയ്ക്കുന്ന മുറയ്ക്ക് പട്ടയ നടപടികൾ ആരംഭിക്കുന്നതാണ്. |
| (സി) | ഇല്ലെങ്കിൽ നടപടികൾ ത്വരിതപ്പെടുത്തി പ്രസ്തുത ഭൂമിയിലെ സ്ഥിരതാമസക്കാർക്ക് പട്ടയം നൽകാൻ വേണ്ട നിർദ്ദേശം നൽകാമോ? | (സി) | ചൂണ്ടൽ വില്ലേജ് റീസർവ്വെ 410/4 ബി.ടി.ആർ പ്രകാരം കുളം പുറമ്പോക്കിൽ 4 കുടുംബങ്ങളും 413/1 വഴി പുറമ്പോക്കിൽ ഒരു കുടുംബവും 50 വർഷത്തോളമായി വീട് വെച്ച് താമസിച്ചു വരുന്നതും, കൈവശഭൂമി പതിവിന് അനുയോജ്യമായതും അപേക്ഷകർ പട്ടയം ലഭിയ്ക്കുന്നതിന് അർഹരുമാണ്. പഞ്ചായത്ത് വകുപ്പിൽ നിന്നും പ്രസ്തുത ഭൂമി ഡീവെസ്റ്റ് ചെയ്ത് ലഭിയ്ക്കുന്ന മുറയ്ക്ക് പട്ടയ നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ